പാലക്കാട്	-	168
മലപ്പുറം	-	127
കോഴിക്കോട്	-	63
കണ്ണൂർ	-	123
വയനാട്	-	29
കാസർഗോഡ്	-	52
ആകെ	-	1217

(ബി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കാൻ പാടില്ല എന്ന നിബന്ധന ഉള്ളതിനാൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി സ.ഉ. (എംഎസ്.)നമ്പർ 184/2013/പൊ.വി. തീയതി 10-6-2013 പ്രകാരം സർക്കാർ മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു. ഇതുപ്രകാരം അംഗീകാരമില്ലാത്ത വിദ്യാലയങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിക്കുകയും 31-12-2014 വരെ അപേക്ഷ നൽകുന്നതിന് സമയപരിധി നൽകുകയും ചെയ്തിരുന്നു. ലഭിച്ച അപേക്ഷകളിൽ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുടെ അംഗീകാരത്തിനായുള്ള അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്. ആവശ്യമായ ഭൗതിക സാഹചര്യം, ആവശ്യമായ കുട്ടികൾ, സ്ഥലസൗകര്യം എന്നിവയില്ലാത്ത വിദ്യാലയങ്ങളെ അഞ്ചുവർഷം പൂർത്തീകരിച്ചു എന്ന കാരണത്താൽ പരിഗണിക്കുവാൻ നിലവിലെ മാനദണ്ഡമനുസരിച്ച് കഴിയുകയില്ല.

(സി) അംഗീകാരം ലഭിക്കുന്ന വിദ്യാലയങ്ങൾ പൊതുധാരയിൽ വരുമെന്നതിനാൽ അത്തരം വിദ്യാലയങ്ങൾക്ക് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ നികച്ച പങ്ക് വഹിക്കാനാവുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

പൊതുവിദ്യാലയങ്ങളിൽ പഠന നിലവാരം ഉയർത്തുന്നതിന് നടപടി

92 (1128) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ/എയ്ഡഡ് പൊതുവിദ്യാലയങ്ങളിൽ 2014-15 വർഷം 1-ാം ക്ലാസു മുതൽ 10-ാം ക്ലാസുവരെയുള്ള കുട്ടികളുടെ എണ്ണം എത്രയായിരുന്നു ; മുൻവർഷങ്ങളെ അപേക്ഷിച്ച് എത്ര കുട്ടികൾ കുറവുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

Page 1

(ബി) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) പ്രസ്തുത വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് പഠന നിലവാരം ഉയർത്തുന്നതിനും സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ നൽകുന്നതിനും എന്തെങ്കിലും പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ 2013-14, 2014-15 വർഷങ്ങളിൽ 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള കുട്ടികളുടെ എണ്ണവും കുറവും ചുവടെ ചേർക്കുന്നു :

വർഷം	കുട്ടികളുടെ എണ്ണം	
	സർക്കാർ	എയ്ഡഡ്
2013-14	1172867	2308468
2014-15	1177230	2270368
വ്യത്യാസം	+ 4363	- 38100

സർക്കാർ വിഭാഗത്തിൽ 4363 കുട്ടികളുടെ വർദ്ധനവും എയ്ഡഡ് വിഭാഗത്തിൽ 38100 കുട്ടികളുടെ കുറവും ഉണ്ടായിട്ടുണ്ട്.

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനായി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി എസ്.എസ്.എ./ ആർ.എം.എസ്.എ. എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനം നടത്തുന്നുണ്ട്. സ്കൂൾ കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം, സ്കൂൾ യൂണിഫോം, ഉച്ചഭക്ഷണം എന്നിവ നൽകിവരുന്നു. കലാപഠനത്തിനും കായിക പഠനത്തിനും കൂടി പ്രാധാന്യം നൽകുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രൈമറി ക്ലാസ്സുകളിൽ ഇംഗ്ലീഷ് പാഠ്യവിഷയമായും അതോടൊപ്പം ഇംഗ്ലീഷ് മീഡിയത്തിലുള്ള പാഠപുസ്തകം തയ്യാറാക്കി 1, 3 ക്ലാസ്സുകൾക്ക് കഴിഞ്ഞ വർഷം നൽകിയിട്ടുണ്ട്. 2, 4 ക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയം പാഠപുസ്തകം അടുത്തവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ നൽകുന്നതിനായി പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്ക് ഇംഗ്ലീഷിൽ പ്രത്യേക പരിശീലനം, ബാംഗ്ലൂർ ആർ.ഐ.ഇ.എസ്.ഐ.-മായി ചേർന്ന് സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം, കുട്ടികൾക്ക് ഇംഗ്ലീഷിൽ സംസാരിക്കുവാനും എഴുതുവാനും ഉതകുന്ന തരത്തിൽ ഇംഗ്ലീഷ് ഫെസ്റ്റുകൾ എന്നിവ പരിഗണനയിലുണ്ട്.

സെറ്റ് പരീക്ഷാഫലം

93 (1129) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ സെറ്റ് പരീക്ഷാഫലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സെറ്റ് പരീക്ഷയിൽ പിന്നോക്ക വിഭാഗങ്ങൾക്കും, എസ്.സി/എസ്.ടി. വിഭാഗത്തിനും മാർക്കിളവ് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സെറ്റ് പരീക്ഷാ നടത്തിപ്പിന്റെ ചുമതല ആർക്കെന്നു വ്യക്തമാക്കുമോ ;

(ഡി) പിന്നോക്ക, എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് വിലക്കേർപ്പെടുത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 2014-ലെ സെറ്റ് പരീക്ഷാഫലം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly